നം. ഇ.എക്സ്.എ4/23056/2011/സിജിഇ

പരീക്ഷാകമ്മീഷണറുടെകാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി : 28.04.2011

വിഷയം: 2011 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കുള്ള - അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : 04.09.2010 ലെ ഇഎക്സ്/സിജനറൽ(1) 3001/10/സിജിഇ നമ്പർ വിജ്ഞാപനം

**എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായുള്ള അപേക്ഷകൾ ഈ വർഷം ഓൺലൈനിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇതിനായി പരീക്ഷാർത്ഥികൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ http://keralapareekhabhavan.in ൽ പ്രവേശിച്ച് 05/05/2011 ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതും ആയതിന്റെ പ്രിന്റ് ഔട്ടും അപേക്ഷാ ഫീസും ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ മേയ് 6 ന് മുമ്പ് ഏല്പിക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ അപേക്ഷകൾ online - ൽ verify ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. മേയ് 6 ന് ശേഷം ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

**പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപയും, ഫോട്ടോകോപ്പിക്ക് 200/- രൂപയും സ്ക്രൂട്ടിണിക്ക് 50/- രൂപയുമാണ് ഫീസ് ഒടുക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് സ്ക്രൂട്ടണിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. റീവാല്യുവേഷനിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകുന്നതാണ്. ഉത്തരക്കടലാസ്സിന്റെ ഫോട്ടോകോപ്പി ലഭ്യമായവർക്ക് മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ പരിഹരിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.**

## ഹെഡ്മാസ്റ്റർമാരുടെ ചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയശേഷം അപേക്ഷകർ സമർപ്പിക്കുന്ന പ്രിന്റൗട്ട് ഹെഡ്മാസ്റ്റർമാർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. ഹെഡ്മാസ്റ്റർ വെരിഫൈ ചെയ്യാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. (ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന 06/05/2011 ന് തന്നെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റൗട്ട് (റീവാല്യുവേഷൻ/ഫോട്ടോകോപ്പി,സ്ക്രൂട്ടിണി)എടുത്ത് HM Counter sign ചെയ്ത് 8- ാ ം തീയതിക്കു മുമ്പ് പരീക്ഷാഭവനിൽ ലഭിക്കേണ്ടതാണ്.

അപേക്ഷകരിൽ നിന്നും റീവാലുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായി സ്വീകരിക്കുന്ന ഫീസ് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട അധികാരികളെ ഏല്പിക്കേണ്ടതുമാണ്. റീവാലുവേഷനിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് അടച്ച ഫീസ് തിരികെ നൽകാൻ വ്യവസ്ഥയുണ്ട്. ഓരോ സ്കൂളിലും ലഭിക്കുന്ന ആകെ ഫീസിൽ നിന്നും ഉയർന്ന ഗ്രേഡ് ലഭ്യമാകുന്നവർക്ക് അർഹതപ്പെട്ട തുക (ഓരോ ഉയർന്ന ഗ്രേഡിനും 400/ രൂപ വീതം) തിരികെ നൽകിയ ശേഷം ബാക്കി തുകയ്ക്ക് **"Secretary to the Commissioner for Government Examinations"** എന്ന അഡ്രസ്സിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് 31/05/2011 ന് മുമ്പായി പരീക്ഷാ ഭവനിലേക്ക് അയയ്ക്കേണ്ടതാണ്. ആകെ വരവ് ചെലവ് കണക്ക് സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റും ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി ഡിമാന്റ് ഡ്രാഫ്റ്റിനോടൊപ്പം അയയ്ക്കേണ്ടതാണ്.

## ഹെഡ്മാസ്റ്റർമാർ അപേക്ഷ വെരിഫൈ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് HM login എന്ന link click ചെയ്യുക. ആദ്യതവണ സ്കൂൾ കോഡ് തന്നെ password ആയി ഉപയോഗിക്കുക. (password മാറ്റിയിട്ടുണ്ടെങ്കിൽ ആ password ഉപയോഗിക്കുക) login ചെയ്ത് password നിർബന്ധമായും മാറ്റേണ്ടതാണ്. (ഒരു പ്രാവശ്യം password മാറ്റിയവർ പിന്നെ മാറ്റേണ്ടതില്ല)

2. തുടർന്ന് login ചെയ്ത് പ്രവേശിക്കുമ്പോൾ Revaluation/Photocopy/Scrutiny എന്നിവയ്ക്ക് ആ സ്കൂളിൽ അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികളുടെയും ലിസ്റ്റ് ലഭ്യമാകും. വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ ഇതുമായി ഒത്തു നോക്കി ശരിയാണോ എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ഓരോന്നായി verify ചെയ്യണം. ഒരിക്കൽ verify ചെയ്താൽ പിന്നെ ആ അപേക്ഷയിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല.

3. “Verification Button” ക്ലിക്ക് ചെയ്യുമ്പോൾ ആ സ്കൂളിൽ നിന്ന് റീവാലുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണിഎന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് കാണാനും അതിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ, പേര് തുടങ്ങിയവ വെരിഫൈ ചെയ്തോ ഇല്ലയോ എന്ന സ്റ്റാറ്റസ് അറിയുവാനും കഴിയും. ഓരോ പരീക്ഷാർത്ഥിയുടേയും പേരിന് നേരേ കാണുന്ന “View Button” –ൽ ക്ലിക്ക് ചെയ്ത് ആ പരീക്ഷാർത്ഥി റീവാലുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ച വിഷയങ്ങൾ ഏതെല്ലാമാണ് എന്ന് പരിശോധിക്കാൻ സാധിക്കും. അതിന് ശേഷം പരീക്ഷാർത്ഥി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റ് ഔട്ടും സ്ക്രീനിൽ കാണുന്ന അപേക്ഷിച്ചിട്ടുള്ള വിഷയങ്ങളും ഒന്നാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതിന് ശേഷം വെരിഫൈ ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ വെരിഫൈ ചെയ്യാവുന്നതാണ്. ഒരിക്കൽ വെരിഫൈ ചെയ്ത അപേക്ഷയിൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കുകയില്ല. അപേക്ഷിച്ച വിഷയങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ വെരിഫൈ ചെയ്യുന്നതിന് മുമ്പ് അപേക്ഷകർ തന്നെ മാറ്റം വരുത്തേണ്ടതാണ്.

4. “റിപ്പോർട്ട് ബട്ടൺ” ക്ലിക്ക് ചെയ്യുമ്പോൾ റീവാലുവേഷൻ/ ഫോട്ടോകോപ്പി/ സ്ക്രൂട്ടിണി എന്നിവയ്ക്ക് ആ സ്കൂളിൽ നിന്നും അപേക്ഷിച്ച പരീക്ഷാർത്ഥികളുടെ റിപ്പോർട്ടും ഇതിന്റെയെല്ലാം Abstract അടങ്ങുന്ന മറ്റൊരു റിപ്പോർട്ടും എടുക്കാനുള്ള ബട്ടണുകൾ കാണാൻ സാധിക്കും. മേൽപ്പറഞ്ഞ ബട്ടൺ ക്ലിക്ക് ചെയ്താൽ റിപ്പോർട്ട് കാണാവുന്നതും “Click here to print” എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് റിപ്പോർട്ട് പ്രിന്റ് എടുക്കാവുന്നതുമാണ്.

Sd/-

സെക്രട്ടറി